പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.586 06.03.2012-ലെ മറുപടിക്ക്

**നഗരസഭകളുടേയും കോർപ്പറേഷനുകളുടേയും പ്രവർത്തനങ്ങളിലെ പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ നഗരസഭകളുടേയും കോർപ്പറേഷനുകളുടേയും പ്രവർത്തനങ്ങളിൽ നേരിടുന്ന പ്രതിസന്ധികൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;<br>ബി) നിലവിലുള്ള നയങ്ങളിൽ പരിഷ്ക്കാരങ്ങൾ കൊണ്ടു വരുന്ന കാര്യം പരിഗണിക്കുമോ ;<br>സി) നിലവിൽ ഇതു സംബന്ധിച്ച പരാതികളും പരിഹാര നിർദ്ദേശങ്ങളും ക്രോഡീകരിച്ച് റിപ്പോർട്ട് നൽകാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ? | 17.01.2012-ൽ വിളിച്ചു ചേർത്ത നഗരസഭാ ചെയർമാൻമാരുടെയും സെക്രട്ടറിമാരുടെയും അവലോകന യോഗത്തിൽ നഗരസഭകൾ ഇന്ന് നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച ക്രോഡീകരിച്ച റിപ്പോർട്ട് നൽകുന്നതിന് നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് നടപടികൾ കൈക്കൊള്ളുന്നതാണ്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ